പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2470 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ ഫണ്ട് ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പ് പ്രചാരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് രാഷ്ട്രീയ പാർട്ടികളുടെ പത്രങ്ങൾക്കും മാധ്യമങ്ങൾക്കും പരസ്യങ്ങൾ നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ നിലവിലിരിക്കെ സഹകരണ സ്ഥാപനങ്ങൾ സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം പരസ്യങ്ങൾ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലുള്ള കൊടുവായൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നം പി 756 തെരഞ്ഞെടുപ്പ് ഫണ്ട് ഇനത്തിൽ തുക നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ നിലവിലിരിക്കെ ചില സഹകരണ സ്ഥാപനങ്ങൾ സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം പരസ്യങ്ങൾ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പരസ്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) തിരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ പാർട്ടികളുടെ മുഖപത്രങ്ങൾക്കും മാധ്യമങ്ങൾക്കും സഹകരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും പരസ്യങ്ങൾ നൽകുന്നത് തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെയും മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെയും നഗ്നമായ ലംഘനമാണോ എന്ന് വ്യക്തമാക്കാമോ;

മറുപടി:

തിരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ പാർട്ടികളുടെ മുഖപത്രങ്ങൾക്കും മറ്റ് മാധ്യമങ്ങൾക്കും സഹകരണ സ്ഥാപന ങ്ങളുടെ ഫണ്ടിൽ നിന്നും പരസ്യങ്ങൾ നൽകുന്നത് തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെയും മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെയും ലംഘനമാണ്.

സഹകരണ സംഘങ്ങളുടെ ഫണ്ട് വിനിയോഗം നിയമാനുസൃതവും സംഘങ്ങളുടെ ലക്ഷ്യങ്ങൾക്കും വേണ്ടിയുള്ള തായിരിക്കണം . കേരള സഹകരണ സംഘം ആക്ടും ചട്ടങ്ങളും അനുശാസിക്കു ന്നതല്ലാതെ സംഘത്തിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിക്കുന്നത് നിയമപരമായി നിലനിൽക്കില്ല. ഇത് സംഘത്തിന്റെ ഫണ്ട് ചോർച്ചക്കും കാരണമാകും. സഹകരണസംഘങ്ങളുടെ പണം രാഷ്ട്രീയ പ്രചാരണങ്ങൾക്ക് ഉപയോഗിക്കുന്നത് കേരള സഹകരണ സംഘം നിയമത്തിനും (KCS Act) ചട്ടങ്ങൾക്കും വിരുദ്ധമാണ്.മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി നൽകുന്ന സംഭാവനകൾ ഒന്നും തന്നെ ആഡിറ്റിൽ അംഗീകരിക്കില്ല.

(ഡി) സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് സഹകരണ ഫണ്ട് ഉപയോഗിക്കുന്നത് നിയമപരമായി ശരിയാണോ; അല്ലെങ്കിൽ ഇത്തരത്തിലുള്ള ഫണ്ട് ദുർവിനിയോഗം തടയുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ;

മറുപടി: നിയമപരമായി ശരിയല്ല. സംഘത്തിന്റെ ബിസിനസ് ആവശ്യങ്ങൾക്കല്ലാതെ തുകകൾ ചെലവഴിക്കുന്നത് സഹകരണസംഘം ബൈലാക്കു വിരുദ്ധമാണ്. ഇത്തരത്തിലുള്ള പലവക അനാവശ്യ ചെലവുകൾ തടയുന്നതിനായി പലവക ചെലവുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിച്ച് സഹകരണ സ്ഥാപനങ്ങളെ രാഷ്ട്രീയ പ്രചാരണത്തിന് ഉപയോഗിച്ച സംഭവങ്ങളിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ കർശനമായ എന്ത് നിയമനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

മറുപടി: പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ കൊടുവായൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നം പി 756, ന്റെ 2025-26 ആഡിറ്റ് പൂർത്തീകരണ വേളയിൽ പ്രസ്തുത സംഘം തെരഞ്ഞെടുപ്പ് ഫണ്ട് ഇനത്തിൽ 50,000/- രൂപ ഡൊണേഷനായി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ